വായ്പ നൽകുന്ന ഏതെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുന്നതിനെ കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ വഴി സ്വയം തൊഴിൽ വായ്പ നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 3-1-2000-ലെ 3/2000 നമ്പർ സർക്കുലറാണ് ഇതിനായി പുറപ്പെടുവിച്ചിട്ടുള്ളത്. വായ്പയുടെ പരിധി 2 ലക്ഷം രൂപയും കാലാവധി 5 വർഷവും ഓഹരി അനുപാതം 1%-ഉം ആണ്.

(സി) ഉത്തരം 'ബി' യുടെ അടിസ്ഥാനത്തിൽ പ്രസക്തമല്ല.

ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകത

*5 [606] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജലഗതാഗതം പ്രോൽസാഹിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെ പറ്റി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(ബി) കുറഞ്ഞ ചെലവിൽ യാത്ര ചെയ്യുന്നതിനും ചരക്കു കൊണ്ടുപോകുന്നതിനും ഉതകുന്ന ജലഗതാഗത മാർഗ്ഗങ്ങൾ വികസിപ്പിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) റോഡ് ഗതാഗതത്തിൽ നിലവിലുള്ള ബുദ്ധിമുട്ടുകളും അപകടങ്ങളും കുറയ്ക്കുവാനും ടൂറിസം വികസനത്തിന് വളരെയേറെ സഹായകമാവുമെന്ന വസ്തുത പരിഗണിച്ചും ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടി ആലോചിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സംസ്ഥാന ജലഗതാഗത വകുപ്പ് പാസഞ്ചർ സർവ്വീസ് മാത്രമാണ് ഇപ്പോൾ നടത്തി വരുന്നത്. ഇത് പ്രോത്സാഹിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികൾ എടുത്തു വരുന്നു. ജലഗതാഗത മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനും ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന ജല വിഭവ വകുപ്പും കിൻകോയും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാർ റ്റി. എസ്. കനാലിന്റെ കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗം ദേശീയ ജലപാത യായി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. (കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാത ദേശീയ ജലപാതയായി 1993-ൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും പ്രസ്തുത ഭാഗത്തിന്റെ വികസന സംരക്ഷണ പണികൾ ഇൻലാന്റ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ട് നടത്തി വരികയുമാണ്.) കോവളം മുതൽ വിഴിഞ്ഞം വരെയുള്ള ഭാഗത്തെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രാരംഭ നടപടികൾ നടത്തി വരുന്നു. മാഹി മുതൽ വളപട്ടണം വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിനായി നാട്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വടകര-മാഹി കനാൽ നിർമ്മിക്കുന്നതിനുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതി സർക്കാർ പരിശോധിച്ചു വരികയാണ്. കനോലി കനാലിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിശോധനയിലാണ്. കൂടാതെ പ്രധാന ജലപാതകളായ കോട്ടയം-വൈക്കം, ആലപ്പുഴ-ചങ്ങനാശ്ശേരി, കോട്ടയം-ആലപ്പുഴ എന്നിവയുടെ വികസനം ഒരു പൈലറ്റ് പ്രോജക്ട് ആയി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടൂറിസം വികസനത്തിന് സഹായകമാകുന്ന രീതി യിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ജലവാഹനങ്ങൾ നിർമ്മിച്ചിറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

റെഡിമെയ്ഡ് വസ്ത്രങ്ങളുടെ കയറ്റുമതി

*6 [607] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, കെ. സി. ജോസഫ്:
,, ടി. എച്ച്. മുസ്തഫ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്നും റെഡിമെയ്ഡ് വസ്ത്രങ്ങൾ കയറ്റി അയയ്ക്കു ന്നുണ്ടോ; എങ്കിൽ എവിടേക്കെല്ലാമെന്ന് പറയുമോ;

(ബി) എന്ത് തുകയ്ക്കുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ പ്രതിവർഷം സംസ്ഥാനത്ത് നിന്ന് കയറ്റി അയയ്ക്കുന്നു;

(സി) ഒരു കോട്ടേജ് ഇൻഡസ്ട്രി എന്ന നിലയിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം വിപുലമായ തോതിൽ നടത്തുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly